പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3751 — 30.01.2014 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടി

| ചോദ്യം<br>ശ്രീ. കെ. വി. വിജയദാസ് : | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നിയമിക്കപ്പെടുന്നതിനായി പി.എസ്.സി തയ്യാറാക്കി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്നുള്ള മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗക്കാരായ താല്ക്കാലിക ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തിയത് ; | (എ) യും (ബി) യും | ഉണ്ട്. 22.12.2011-ലെ G.O. (Ms) No. 77/2011/Tran നമ്പർ ഉത്തരവ് പ്രകാരം, സ്ഥിരപ്പെടുത്തിയ കെ.എസ്.ആർ.ടി.സി. യിലെ 912 പി.എസ്.സി അൺ അഡ്വൈസ്ഡ് കണ്ടക്ടർമാരുടെ പട്ടികയിൽ ഉൾപ്പെടാതെപോയവരും ടി ഉത്തരവിലെ നിബന്ധനകൾ പാലിക്കുന്നവരുമായ 32 എംപാനൽ കണ്ടക്ടർമാരെ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ തീരുമാനം എന്തടിസ്ഥാനത്തിലാണ് കൈക്കൊള്ളേണ്ടിവന്നതെന്നുള്ള വിവരം നൽകാമോ ; | | |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ മതിയായ ജീവനക്കാരില്ലാത്തതു കാരണം വലിയ തോതിൽ ഷെഡ്യൂളുകൾ വെട്ടിക്കുറച്ചുവരുന്നതും സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | (സി) | കഴിഞ്ഞ കുറച്ച് മാസങ്ങൾക്ക് മുമ്പ് ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവ് കാരണം ഷെഡ്യൂളുകൾ റദ്ദ് ചെയ്യേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഇപ്പോൾ പി.എസ്.സി.യിൽ നിന്നും ഡ്രൈവർമാരെ റിക്രൂട്ട് ചെയ്തതിനാൽ അത്തരത്തിലൊരു ബുദ്ധിമുട്ട് നേരിടുന്നില്ല. കെ.എസ്.ആർ.ടി.സി ഇപ്പോൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് ഇതൊരു പ്രധാന കാരണമല്ല. |

സെക്ഷൻ ഓഫീസർ